# CurioCon-2023 draws crowds

September 04, 2023 08:10 pm | Updated 08:49 pm IST - Kozhikode

THE HINDU BUREAU

COMMENTS SHARE READ LATER



Participants at 'CurioCon-2023', a five-day plasma exhibition and innovation fest, jointly organised by NITC, DIET, IPR, and EduMission on Monday.

'CurioCon-2023', a five-day plasma exhibition and innovation fest, jointly organised by the National Institute of Technology, Calicut (NITC), District Institute for Education and Training (DIET), Institute of Plasma Research (IPR), Gujarat, and EduMission drew around 1,500 students on the opening day on Monday.

**The Hindu Foundation Day Sale**

Up to 45% off on annual plans to celebrate 145 years of The Hindu!

SUBSCRIBE & SAVE

M.K. Jayaraj, Vice-Chancellor of the University of Calicut, inaugurated the event which is aimed at promoting interaction between students and experts in the field of science. It will also offer opportunities for talented students to exhibit their unique and innovative ideas and prototypes developed with the support of Atal Tinkering Labs and EduMission Innovation labs.

Sub Collector Chelsa Sini opened the innovation fest. A.V. Ravi Kumar from IPR delivered the keynote address. Prasad Krishna, Director, NITC was present among others.

# ക്യൂരിയോ കോൺ': കലക്ടേഴ്സ് ഇന്നൊവേഷൻ അവാർഡ് വിതരണംചെയ്തു



ക്യൂരിയോ കോൺ സമാപന സമ്മേളനം മനോജ് സാമുവൽ ഉദ്ഘാടനംചെയ്യുന്നു

**കുന്നമംഗലം**

എൻഐടിയിൽ നടക്കുന്ന ക്യൂരിയോ കോൺ 23 പ്ലാസ്മ എക്സിബിഷൻ ഫെസ്റ്റ് ശാസ്ത്ര സംരംഭകത്വ സെമിനാർ സമാപിച്ചു. ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച ഇന്നൊവേഷൻ ഫെസ്റ്റിൽ 47 വിദ്യാലയങ്ങളിൽനിന്നായി 93 നവീന ആശയങ്ങളും മാതൃകകളും അവതരിപ്പിച്ചു. ഇവ വിലയിരുത്തി മികച്ച വിദ്യാലയങ്ങൾക്ക് കലക്ടേഴ്സ് സ്കൂൾ ഇന്നൊവേഷൻ അവാർഡ് വിതരണംചെയ്തു.

സമാപന സമ്മേളനം സിഡബ്ല്യു ആർഡിഎം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് സാമുവൽ ഉദ്ഘാടനംചെയ്തു. എൻഐടി രസതന്ത്ര വിഭാഗം പ്രൊഫസർ ഡോ. എ സുജിത് അധ്യക്ഷനായി. മികച്ച പ്രകടനം കാഴ്ചവച്ച ലിറ്റിൽ കൈറ്റ്സ് വിദ്യാലയങ്ങൾക്കും എസ്പിസി വിദ്യാലയത്തിനും പ്രത്യേക അവാർഡ് നൽകി. ഹയർ സെക്കൻഡറി റീജണൽ ഡയറക്ടർ എം സന്തോഷ് കുമാർ അവാർഡുകൾ വിതരണം ചെയ്തു.

ഇ കെ കുട്ടി, കെ ജയറാം, ഡോ. രവികുമാർ, മൊഹിയുദ്ദീൻ, ഡോ. യു കെ അബ്ദുനാസർ, എ റിയാസ്, എം പ്രശാന്ത്, മുഹമ്മദ് ബഷീർ, പ്രൊഫസർ എം മുഹമ്മദ് ഷാഫി എന്നിവർ സംസാരിച്ചു. യു കെ ഷജിൽ നന്ദി പറഞ്ഞു.

യിൻ മൂന്ന് മണിക്കൂർ പിന്നോട്ട് ... ദനത്തിൽ ആവശ്യപ്പെട്ടു.



ക്യൂരിയോകോൺ സമാപന സമ്മേളനം മാനോജ് സാമുവൽ ഉദ്ഘാടനം ചെയ്യുന്നു

## ക്യൂരിയോകോൺ-2023 പ്ലാസ്മ എക്സിബിഷൻ ഫെസ്റ്റ് സമാപിച്ചു

**ചാത്തമംഗലം:** എൻ.ഐ.ടിയിൽ നടക്കുന്ന ക്യൂരിയോകോൺ-23 പ്ലാസ്മ എക്സിബിഷൻ ഫെസ്റ്റ് ശാസ്ത്ര സംരംഭകത്വ സെമിനാർ സമാപിച്ചു. സെപ്റ്റംബർ നാലിന് ആരംഭിച്ച പ്രദർശനത്തിൽ 15,000ത്തിലധികം സ്കൂൾ വിദ്യാർഥികളും ആയിരത്തിലധികം അധ്യാപകരും 4000ത്തോളം കോളജ് വിദ്യാർഥികളും പൊതുജനങ്ങളും പങ്കെടുത്തു. ക്യൂരിയോകോൺ-23 ഭാഗമായി സംഘടിപ്പിച്ച ഇന്നവേഷൻ ഫെസ്റ്റിൽ 47 വിദ്യാലയങ്ങളിൽനിന്നായി 93 നവീന ആശയങ്ങളും മാതൃകകളും അവതരിപ്പിച്ചു. ഇവ വിലയിരുത്തി മികച്ച വിദ്യാലയങ്ങൾക്ക് കലക്ടേഴ്സ് സ്കൂൾ ഇന്നവേഷൻ അവാർഡ് വിതരണം ചെയ്തു.

സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം സി.ഡബ്ല്യു.ആർ.ഡി.എം എക്സിക്യൂട്ടിവ് ഡയറക്ടർ മനോജ് സാമുവൽ നിർവഹിച്ചു. എൻ.ഐ.ടി രസതന്ത്ര വിഭാഗം പ്രഫസർ ഡോ. എ. സുജിത് അധ്യക്ഷത വഹിച്ചു. മികച്ച പ്രകടനം കാഴ്ചവെച്ച ലിറ്റിൽ കൈറ്റ്സ് വിദ്യാലയങ്ങൾക്കും എസ്.പി.സി വിദ്യാലയത്തിനും പ്രത്യേക അവാർഡ് നൽകി. ഹയർ സെക്കൻഡറി റീജനൽ ഡയറക്ടർ എം. സന്തോഷ് കുമാർ അവാർഡുകൾ വിതരണം ചെയ്തു. ചടങ്ങിൽ ഇ.കെ. കുട്ടി, കെ. ജയറാം, ഡോ. രവികുമാർ, മുഈനുദ്ദീൻ, ഡോ. യു.കെ. അബ്ദുന്നാസർ, എ. റിയാസ്, എം. പ്രശാന്ത്, മുഹമ്മദ് ബഷീർ, പ്രഫ. എം. മുഹമ്മദ് ഷാഫി എന്നിവർ സംസാരിച്ചു. യു.കെ. ഷജിൽ നന്ദി പറഞ്ഞു. കലക്ടേഴ്സ് ഇന്നവേഷൻ സ്കൂൾ അവാർഡ് താഴെ പറയുന്ന വിദ്യാലയങ്ങൾക്ക് വിതരണം ചെയ്തു. ഗവ. സ്കൂൾ വിഭാഗം: ഗവ. എച്ച്.എസ്. നല്ലളം, ഗവ. എച്ച്.എസ്. നരിക്കുനി. എയ്ഡഡ് സ്കൂൾ വിഭാഗം: കാലിക്കറ്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കോഴിക്കോട്, ചിങ്ങപുരം സി.കെ.ജി.എം.എച്ച്.എസ്.എസ്. അൺ എയ്ഡഡ് /സി.ബി.എസ്.ഇ/ പബ്ലിക് സ്കൂൾ വിഭാഗം: മർകസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഭാരതീയ വിദ്യാഭവൻ ചേവായൂർ, റാണി പബ്ലിക് സ്കൂൾ.

## അധ്യാപക ഒഴിവ്

# CurioCon-2023 draws crowds

**The Hindu Bureau**
KOZHIKODE

'CurioCon-2023', a five-day plasma exhibition and innovation fest, jointly organised by the National Institute of Technology, Calicut (NITC), District Institute for Education and Training (DIET), Institute of Plasma Research (IPR), Gujarat, and EduMission drew around 1,500 students on the opening day on Monday.

M.K. Jayaraj, Vice-Chancellor of the University of Calicut, inaugurated the event which is aimed at promoting interaction between students and experts in the field of science. It will also offer opportunities for talented students to exhibit their unique and innovative ideas and prototypes developed with the support of Atal Tinkering Labs and EduMission Innovation labs. Sub Collector Chelsa Sini opened the innovation fest. A.V. Ravi Kumar from IPR delivered the keynote address. Prasad Krishna, Director, NITC was present among others.



എൻ.ഐ.ടി കാമ്പസിൽ ക്യൂരിയോകോൺ പ്ലാസ്മ എക്സിബിഷൻ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ പ്രഫ. എം.കെ. ജയരാജ് ഉദ്ഘാടനം ചെയ്യുന്നു

## ക്യൂരിയോകോൺ പ്ലാസ്മ എക്സിബിഷനും ഇന്നൊവേഷൻ ഫെസ്റ്റും തുടങ്ങി

**ചാത്തമംഗലം:** കോഴിക്കോട് എൻ.ഐ.ടിയും ഡയറ്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മ റിസർച്ച്, എജുമിഷൻ എന്നിവയും സംയുക്തമായി ക്യൂരിയോകോൺ പ്ലാസ്മ എക്സിബിഷനും ഇന്നൊവേഷൻ ഫെസ്റ്റും ആരംഭിച്ചു. ഉദ്ഘാടന ദിവസം 1500 വിദ്യാർഥികൾ എക്സ്പോ സന്ദർശിച്ചു.

എൻ.ഐ.ടി.സി കാമ്പസിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഓഡിറ്റോറിയത്തിൽ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ പ്രഫ. എം.കെ. ജയരാജ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ പ്രഫ. പ്രസാദ് കൃഷ്ണ അധ്യക്ഷത വഹിച്ചു. സബ് കലക്ടർ ചെൽസ സിനി ഇന്നൊവേഷൻ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന സെഷനിൽ ഗുജറാത്ത് ഗാന്ധിനഗറിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മ റിസർച്ചിൽനിന്നുള്ള ഡോ. എ.വി. രവികുമാർ മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസ ഉപ ഡയറക്ടറായ സി. മനോജ് കുമാർ, ഫിസിക്സ് വിഭാഗം മേധാവി ഡോ. എം.കെ. രവിവർമ, ഡയറ്റ് പ്രിൻസിപ്പൽ ഡോ. യു.കെ. അബ്ദുന്നാസർ, ഐ.എസ്.ആർ.ഒ മുൻ ഡയറക്ടർ ഇ.കെ. കുട്ടി, ഐ.എസ്.ആർ.ഒ മുൻ ഡെപ്യൂട്ടി ഡയറക്ടർ കെ. ജയറാം തുടങ്ങിയവർ സംബന്ധിച്ചു.

# പ്ലാസ്മാ പ്രദർശനം 'ക്യൂരിയോകോണി'ന് എൻ.ഐ.ടി.യിൽ നാളെ തുടക്കം

**കോഴിക്കോട്►** ഗാന്ധിനഗർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മാ റിസർച്ചുമായി സഹകരിച്ച് ഡയറ്റും എഡ്യുമിഷനും നടത്തുന്ന അഞ്ചുദിവസത്തെ പ്ലാസ്മ എക്സിബിഷനും സ്കൂൾ വിദ്യാർഥികൾക്കായുള്ള ഇന്നൊവേഷൻ ഫെസ്റ്റിനും എൻ.ഐ.ടി. സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ തിങ്കളാഴ്ച തുടക്കം. ദ്രവ്യത്തിന്റെ നാലാം അവസ്ഥയായ പ്ലാസ്മയുടെ മാസ്മരിക ലോകത്തെക്കുറിച്ചും അതിന്റെ ഉപയോഗങ്ങളെക്കുറിച്ചും വിദ്യാർഥികളിൽ അവബോധമുണ്ടാക്കുകയാണ് 'ക്യൂരിയോകോൺ-2023' ലക്ഷ്യമിടുന്നതെന്ന് ഡയറ്റ് പ്രിൻസിപ്പൽ ഡോ. യു.കെ. അബ്ദുൾ നാസറും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മാ റിസർച്ച് ശാസ്ത്രജ്ഞൻ ഡോ. എ.വി. രവികുമാറും പത്രസമ്മേളനത്തിൽ അറിയിച്ചു.

കൃഷി, എൻജിനിയറിങ്, ഇലക്ട്രോണിക്സ്, മെഡിസിൻ, എയറോസ്പേസ് മേഖലകളിൽ പ്ലാസ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച 25 പ്രവർത്തനക്ഷമമായ മാതൃകകൾ ക്യൂരിയോകോണിൽ പ്രദർശിപ്പിക്കും.

വിദ്യാർഥികൾക്കായി ദിവസവും ശാസ്ത്രവിഷയങ്ങളിൽ സംവാദസദസ്സുണ്ടാവും. വിദ്യാർഥികളുടെ നൂതനാശയങ്ങൾ, പ്രോട്ടോടൈപ്പുകൾ തുടങ്ങിയവ പ്രദർശിപ്പിക്കും. സ്കൂൾ സയൻസ് ക്ലബ്ബുകളുടെ നേതൃത്വത്തിലാണ് വിദ്യാർഥികളെ പങ്കെടുപ്പിക്കുക. രജിസ്ടർ ചെയ്യാത്ത വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ഉച്ചയ്ക്ക് ഒന്നുമുതൽ രണ്ടുവരെയും നാലുമുതൽ അഞ്ചുവരെയും പ്രദർശനം കാണാം.

തിങ്കളാഴ്ച പത്തിന് കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ. ജയരാജ് ഉദ്ഘാടനം ചെയ്യും.

## ക്യൂരിയോകോണിന് നാളെ തുടക്കം

**കോഴിക്കോട്**

ജില്ലാ ഭരണകേന്ദ്രവും എൻഐടി കലിക്കറ്റും ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മ റിസർച്ചുമായി ചേർന്ന് സംഘടിപ്പിക്കുന്ന പ്ലാസ്മ പ്രദർശനം 'ക്യൂരിയോകോണി'ന് തിങ്കളാഴ്ച തുടക്കമാവും. എൻഐടിയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ അഞ്ചുദിവസങ്ങളിലായി നടക്കുന്ന പ്രദർശനം പ്ലാസ്മ എന്ന ദ്രവ്യാവസ്ഥയെയും ഊർജരൂപത്തെയും അക്കാദമിക് സമൂഹത്തിന് പരിചയപ്പെടുത്തും. സ്കൂൾ വിദ്യാർഥികളുടെ നൈപുണി വികസനം, ശാസ്ത്രം, നവീന സാങ്കേതികവിദ്യ, സംരംഭകത്വം എന്നീ മേഖലകളിലെ വിദഗ്ധരുമായി ആശയവിനിമയത്തിന് അവസരമൊരുക്കും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി വിദ്യാലയങ്ങളെ ബന്ധിപ്പിക്കൽ പ്രദർശനത്തിന്റെ ലക്ഷ്യമാണ്.

പരിപാടിയിൽ പ്ലാസ്മ പ്രദർശനം, വിദ്യാർഥികളുടെ നൂതന ആശയങ്ങളുടെ അവതരണം, പ്രദർശനം എന്നിവ നടക്കും. ദിവസവും രാവിലെ 10 മുതൽ 12.30 വരെയും രണ്ടുമുതൽ അഞ്ചുവരെയുമാണ് വിദ്യാർഥികൾക്കായുള്ള സംവാദസദസ്സുകൾ. എല്ലാ ദിവസവും പകൽ ഒന്നുമുതൽ രണ്ടുവരെയും നാലു മുതൽ അഞ്ചുവരെയും രജിസ്റ്റർ ചെയ്ത പൊതുജനങ്ങൾക്കും പ്രദർശനം കാണാം.

വാർത്താസമ്മേളനത്തിൽ ഡയറ്റ് പ്രിൻസിപ്പൽ ഡോ. യു കെ അബ്ദുന്നാസർ, ഡോ. എ വി രവികുമാർ, ഇ കെ കുട്ടി, കെ ജയരാജൻ, അജയൻ ആനാട്ട് എന്നിവർ പങ്കെടുത്തു.

## ക്യൂരിയോകോൺ പ്ലാസ്മ എക്സിബിഷനിൽ 'ലക്ഷ്യ' ചേളന്നൂരും

**ചേളന്നൂർ**

കോഴിക്കോട് എൻഐടിയിൽ 4 മുതൽ 8 വരെ നടക്കുന്ന ക്യൂരിയോകോൺ–പ്ലാസ്മ എക്സ്ബിഷനിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനകീയ ശാസ്ത്ര പരിപോഷണ കേന്ദ്രമായ 'ലക്ഷ്യ' ആശയങ്ങൾ അവതരിപ്പിക്കും.

ശാസ്ത്ര ഗവേഷണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മ റിസർച്ച് സെന്റർ സംഘടിപ്പിക്കുന്ന പ്ലാസ്മ എക്സിബിഷൻ, വിദ്യാർഥികളുടെ ആശയങ്ങളുടെ അവതരണം, വിവിധ ശാസ്ത്രമേഖലകളെക്കുറിച്ചുള്ള സെമിനാറുകൾ എന്നിവയാണ് ക്യൂരിയോകോണിന്റെ ഭാഗമായി നടക്കുന്നത്. കോഴിക്കോട് എൻഐടിയിലെ ഫിസിക്സ് വിഭാഗം, ഡയറ്റ്, എഡ്യുമിഷൻ, ജില്ലാ സയൻസ് ക്ലബ്, ഇ ടി ക്ലബ് തുടങ്ങിയവയുടെ നേതൃത്വത്തിലാണ് പരിപാടി. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിദ്യാലയങ്ങളിൽനിന്നായി 19 വിദ്യാർഥികളാണ് തങ്ങളുടെ ആശയങ്ങൾ അവതരിപ്പിക്കുന്നത്. ബ്ലോക്ക് പരിധിയിലെ പൊതുജനങ്ങളും അവരുടെ നൂതനനിർമിതികൾ പ്രദർശിപ്പിക്കും.

ഖകളുമായി കോളജിൽ ഹാജരാകണം.

## ക്യൂരിയോകോൺ പ്ലാസ്മ എക്സിബിഷൻ നാളെ തുടങ്ങും

**കോഴിക്കോട്:** എൻ.ഐ.ടി കാലിക്കറ്റ്, ജില്ല വിദ്യാഭ്യാസ പരിശീലന കേന്ദ്രം, ജില്ല ഭരണകൂടത്തിനു കീഴിലുള്ള എജ്യു മിഷൻ എന്നിവയുടെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മ റിസർച്ചുമായി ചേർന്ന് 'ക്യൂരിയോകോൺ 2023' പ്ലാസ്മ എക്സിബിഷനും സ്കൂൾ വിദ്യാർഥികളുടെ ഇന്നവേഷൻ ഫെസ്റ്റും ശാസ്ത്ര സെമിനാറും സംഘടിപ്പിക്കുമെന്ന് സംഘാടകർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

എൻ.ഐ.ടിയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ സെപ്റ്റംബർ നാലു മുതൽ എട്ടു വരെയാണ് പ്രദർശനം. ഭാവിയിൽ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമായി കരുതുന്ന പ്ലാസ്മ എന്ന ദ്രവ്യാവസ്ഥയെയും ഊർജരൂപത്തെയുംപറ്റി കുട്ടികൾക്കും അധ്യാപകർക്കുമൊപ്പം പൊതുസമൂഹത്തിനും അറിവ് നൽകുകയാണ് ലക്ഷ്യം. ഇലക്ട്രോണിക്സ്, മെഡിസിൻ, ടെക്സ്റ്റൈൽസ്, വേസ്റ്റ് എൻജിനീയറിങ്, എയ്റോസ്പേസ് രംഗത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മ റിസർച് ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് വികസിപ്പിച്ചെടുത്ത 25 പ്രവർത്തനക്ഷമമായ മാതൃകകൾ ക്യൂരിയോകോൺ 23ൽ പ്രദർശിപ്പിക്കും. പ്ലാസ്മ എക്സിബിഷനുള്ള വിദ്യാർഥികളെ ഓരോ സബ് ജില്ലയിൽനിന്ന് സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ പങ്കെടുപ്പിക്കും.

ദിവസവും രാവിലെ 10 മുതൽ 12.30 വരെയും രണ്ടു മുതൽ അഞ്ചു വരെയും വിവിധ ആനുകാലിക ശാസ്ത്ര വിഷയങ്ങളിലും നവീനാശയങ്ങളിലും സംവാദ സദസ്സുകൾ നടക്കും. ദിവസവും ഉച്ചക്ക് ഒന്നു മുതൽ രണ്ടു വരെയും വൈകീട്ട് നാലു മുതൽ അഞ്ചു വരെയും രജിസ്റ്റർ ചെയ്ത വിദ്യാർഥികളല്ലാത്തവർക്ക് എക്സിബിഷൻ കാണാം. ഡോ. എ.വി. രവികുമാർ, ഇ.കെ. കുട്ടി, കെ. ജയറാം, മുഹമ്മദ് ബഷീർ എന്നിവർ വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.